# Deepika

# 19 August 2018

# Kuttanad, Flood



# കുട്ടനാട് മുങ്ങുന്നു

**ഭക്ഷണവും വെള്ളവും ഇല്ലാതെ ആയിരങ്ങൾ**

## പലായനം ചെയ്തത് നാൽപതിനായിരത്തിലേറെപ്പേർ

**ചങ്ങനാശേരി:** വെള്ളം ഇരമ്പിക്കയറുന്നു. കുട്ടനാട് മുങ്ങിത്താഴുന്നു. ചങ്ങനാശേരിയിലേക്കു പലായനം ചെയ്തവരുടെ എണ്ണം നാല്പതിനായിരം കടന്നു. ഭക്ഷണവും വെള്ളവുമില്ലാതെ ആയിരങ്ങൾ കുട്ടനാടിന്റെ വിവിധ മേഖലകളിൽ ഇപ്പോഴും കുടുങ്ങിക്കിടക്കുന്നു. വൈദ്യുതി, ടെലിഫോൺ ബന്ധങ്ങൾ മുടങ്ങിയിട്ടു നാലു ദിനം പിന്നിട്ടു.

### ഓരോ മിനിറ്റിലും

മുപ്പതോളം സ്വകാര്യ ബോട്ടുകളിലും നാല്പതിലേറെ വള്ളങ്ങളിലുമായാണ് കുട്ടനാടിന്റെ വിവിധ മേഖലകളിൽ കുടുങ്ങിക്കിടക്കുന്ന ആളുകളെ ചങ്ങനാശേരി ബോട്ടുജെട്ടിയിലെത്തിക്കുന്നത്.

ഓരോ മിനിറ്റിലും വള്ളങ്ങളിൽ ആളുകൾ ബോട്ടുജെട്ടിയിൽ എത്തുന്നുണ്ട്. കിടങ്ങറ, മാമ്പുഴക്കരി, രാമങ്കരി, കാവാലം, വെളിയനാട് മേഖലകളിലുള്ള ആയിരക്കണക്കിനാളുകളാണ് ജലമാർഗം ചങ്ങനാശേരി ബോട്ടുജെട്ടിയിലെത്തുന്നത്.

### രോഗികളെ ചുമലിലേന്തി

ശാരീരിക അവശതയുള്ള നിരവധി വയോജനങ്ങളെയും രോഗികളെയും കസേരകളിലിരുത്തി വെള്ളത്തിനു മീതേ ഉയർത്തിപ്പിടിച്ചു സന്നദ്ധസംഘടനാപ്രവർത്തകർ കൊണ്ടുവരുന്നതു കുട്ടനാടിന്റെ ദൈന്യത വെളിവാക്കുന്നു. ബോട്ടുജെട്ടിയിലെത്തുമ്പോൾത്തന്നെ അവശരായവർക്ക് വെള്ളവും ഭക്ഷണവും നൽകുന്നുണ്ട്. ചങ്ങനാശേരി താലൂക്കിലെ 80 ദുരിതാശ്വാസ ക്യാമ്പുകളിലായി മുപ്പതിനായിരത്തോളം ആളുകളെ താമസിപ്പിച്ചിട്ടുണ്ട്.

### രാത്രിയിലും ജനപ്രവാഹം

കിടങ്ങറ, രാമങ്കരി, മിത്രക്കരി, മുട്ടാർ, പുതുക്കരി, കിഴക്കേമിത്രക്കരി, പുളിങ്കുന്ന്, കായൽപ്പുറം, ചമ്പക്കുളം ഭാഗങ്ങളിലുള്ള ആയിരക്കണക്കിനാളുകളെ എസി റോഡുമാർഗം ടിപ്പർ ലോറിയിൽ പെരുന്നയിൽ കൊണ്ടിറക്കുന്നതു രാത്രി വൈകിയും തുടർന്നു.